**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3498 — 22.08.2017 ൽ മറുപടിക്ക്

ആർദ്രം മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>,, വി. കെ. സി. മമ്മത് കോയ<br>,, എൻ. വിജയൻ പിള്ള<br>,, യു. ആർ. പ്രദീപ് : | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയിൽ ഒരു സുപ്രധാന ചുവടുവയ്പായി മാറിയ ആർദ്രം മിഷന്റെ രൂപീകരണത്തോടെ ഓരോ പൗരനും തുടർച്ചയായ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ഉന്നത നിലവാരമുള്ള ആതുര സേവനത്തിന്റെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് ജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹ്യവുമായ പരിപൂർണ്ണ സുസ്ഥിതി പ്രദാനം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) & (ബി) | സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ/താലൂക്ക്/ ജനറൽ ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ, അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കി ക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി തിരഞ്ഞെടുത്ത 170 പി.എച്ച്.സി-കളിൽ 680 തസ്തികകൾ സൃഷ്ടിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | സർക്കാർ മേഖലയിൽ വ്യാപകമായ ആരോഗ്യ ശൃംഖല ഉണ്ടായിട്ടും ചികിത്സയ്ക്കായി ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കുന്നതിന് ആർദ്രം മിഷൻ എപ്രകാരമെല്ലാം സഹായിക്കുന്നു എന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാ/താലൂക്ക്/ ജനറൽ തല ആശുപത്രികളിലേയ്ക്ക് ആദ്യഘട്ടമെന്ന നിലയിൽ 280 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇവ കൂടാതെ ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാത്ത് ലാബ് സൗകര്യങ്ങളോടുകൂടിയ കാർഡിയോളജി യൂണിറ്റുകൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. KIIFB യിൽ ഉൾപ്പെടുത്തി 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യവും, 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസസ് യൂണിറ്റും സജ്ജമാക്കുവാനുള്ള പ്രവർത്തനങ്ങൾ കെ.എം.എസ്.സി. എൽ വഴി നടന്നുവരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB , പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴി നടന്നുവരുന്നു.<br><br>8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 51.8184/- കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളിൽ നടന്നുകൊണ്ടിരിക്കുന്ന ഒ.പി. ബ്ലോക്ക് പരിഷ്കരണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ? | (സി) | വിവിധ ആശുപത്രികളിലെ ഒ.പി. ബ്ലോക്ക് പരിഷ്കരണം വ്യത്യസ്ത ഘട്ടത്തിലാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ